പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 834 — 13.6.2012 ന് മറുപടിയ്ക്ക്

## മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണം

*ചോദ്യം*

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരിയിൽ പ്രവർത്തിക്കുന്ന മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ. സ്വന്തമായി കെട്ടിടമില്ലാത്തതുമൂലം ഇടുങ്ങിയ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടത്തിൽ ഐ.ടി.ഐ. യുടെ എല്ലാ ക്ലാസുകളും നടത്താൻ പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം അവിടേക്ക് മാറ്റാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രം നൽകിയിട്ടുള്ള കെട്ടിടനിർമ്മാണം സംബന്ധിച്ച ശീർഷകത്തിൽ മതിയായ തുക വകയിരുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എ.എസ്. ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഈ വർഷം തന്നെ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമോ ?

*ഉത്തരം*

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയായിട്ടില്ല. മാത്രവുമല്ല, സ്ഥലം വകുപ്പിന് കൈമാറി നൽകിയിട്ടുമില്ല.

*(സി) & (ഡി)* സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കെട്ടിട നിർമ്മാണത്തിന് വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ